എല്ലാ വിഭാഗങ്ങളെയും ഒരേപോലെ കണ്ടുകൊണ്ട് ജീവനും സ്വത്തിനും സംരക്ഷണം നൽകുമെന്ന് ഉറപ്പ് നൽകിയിരുന്നു. കുടകിന്റെ പ്രത്യേകത എല്ലാവരും അറിയുന്നതാണ്. അവിടെ മിക്കവാറും മലയാളം സംസാരിക്കുന്ന ആളുകളാണ് ഉള്ളത്.

അത്രത്തോളം പഴക്കവും ബന്ധവും മലയാളികൾക്ക് ആ പ്രദേശവുമായിട്ടുണ്ട്. അങ്ങനെയുള്ള പ്രദേശത്ത്, ഒരു ദിവസം പെട്ടെന്ന് പ്രാദേശികത്വത്തിന്റെ പേരിൽ വിട്ടു കൊടുക്കണം എന്നു പറഞ്ഞുകൊണ്ട് അവരെ ആക്രമിക്കുകയും അവരുടെ ജീവൻ നഷ്ടപ്പെടുത്തുകയും ചെയ്തു. ഈ അടുത്ത കാലത്താണ് ഒരു മലയാളി കൊല്ലപ്പെട്ടത്. ഇത്രയും ഗൗരവതരമായ സ്ഥിതിവിശേഷം കർണ്ണാടക മുഖ്യമന്ത്രിയേയും, കേന്ദ്രത്തേയും അറിയിച്ചിട്ടുണ്ട്. ആവർത്തിച്ചാവർത്തിച്ച്. കിട്ടുന്ന മറുപടിയിൽ നടപടികൾ സ്വീകരിക്കും എന്നു പറയുന്നുണ്ടെങ്കിലും അക്രമികളുടെ നേരെ ഒരു പ്രത്യേക സമീപനം അനുഭാവപൂർവ്വമായ സമീപനവുമാണ് അവിടത്തെ ഉദ്യോഗസ്ഥൻമാരിൽ നിന്നും ഉണ്ടാകുന്നത്. എനിക്ക് ലോറസ്റ്റായിട്ട് കിട്ടിയ അറിവ് അവിടെ ഇതിന് നേതൃത്വം കൊടുക്കുന്ന സംഘവുമായി അവിടത്തെ പോലീസുകാർ പോലും ബന്ധപ്പെടുന്നു എന്നാണ്, ആ പരാതി രൂക്ഷമായിട്ടുണ്ട്. ഏതായാലും ഇക്കാര്യങ്ങളൊക്കെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. മറ്റൊരു സംസ്ഥാനത്തിലായതുകൊണ്ട് ഗവൺമെന്റിന് അതിൽക്കൂടുതലായി എന്തെങ്കിലും നടപടി നടത്താൻ സാധിക്കുകയില്ല. എങ്കിലും ഒന്നുകൂടി ഗൗരവതരമായി ഈ പ്രശ്നം അവിടുത്തെ മുഖ്യമന്ത്രിയുടെയും അതുപോലെതന്നെ കേന്ദ്ര മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതാണ്.

(3) ആലപ്പുഴ പോർട്ടിന്റെ പ്രവർത്തനം

എ.വി. താമരാക്ഷൻ : സ്പീക്കർ, 1979 മുതൽ പൂർണ്ണമായി പൂട്ടികിടക്കുന്ന ആലപ്പുഴ പോർട്ട് തുറന്നു പ്രവർത്തിക്കണമെന്നും, ആ പോർട്ടിൽ പണി എടുത്തിരുന്ന തൊഴിലാളികൾക്ക് വാർദ്ധക്യകാല ആനുകൂല്യവും നഷ്ടപരിഹാരവും നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 43 വർഷം സർവ്വീസുള്ള 73 വയസ്സ് പ്രായമുള്ള ഇസ്മെയിൽ അബ്ദുൽ റഹ്മാൻ എന്ന ഒരു പോർട്ട് തൊഴിലാളി കഴിഞ്ഞ 16-ാം തീയതി മുതൽ ആലപ്പുഴ കളക്ടറേറ്റ് പടിക്കൽ നിരാഹാര സമരം നടത്തി വരികയാണ്. ഈ പ്രശ്നം ഒരു മനുഷ്യസ്നേഹ പ്രശ്നമായി കാണണം എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഈ ഗവൺമെന്റിനോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. ആലപ്പുഴ പോർട്ട് ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാനമായ ഒരു പോർട്ടായിരുന്നു. 1931-ൽ ഒരു വർഷം 911 കപ്പലുകൾ വന്ന് ചരക്ക് കയറ്റുകയും ഇറക്കുകയും ചെയ്തിരുന്ന ഒരു പോർട്ടായിരുന്നു. 1976-നുശേഷം ആ പോർട്ട് തുറന്ന് പ്രവർത്തിച്ചിട്ടില്ല. ആ പോർട്ട് പ്രവർത്തിപ്പിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും ഉണ്ട്. ഗവൺമെന്റ് ആ പോർട്ട് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ആ പോർട്ടിൽ പണിയെടുക്കുന്ന എല്ലാ തൊഴിലാളികളും എന്തു വിട്ടുവീഴ്ചയും ചെയ്യാൻ തയ്യാറാണെന്ന് ഗവൺമെന്റിനെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ആ പോർട്ടിൽ പണിയെടുക്കുന്ന 243 തൊഴിലാളികളിൽ പത്തോ പതിനഞ്ചോ പേരൊഴിച്ചാൽ ബാക്കി എല്ലാ തൊഴിലാളികളും വാർദ്ധക്യം ബാധിച്ചവരാണ്. അവർക്ക് ഒരാനുകൂല്യവുമില്ല. മുഖ്യമന്ത്രി തന്നെ പോർട്ടിൽ വന്ന അവസരത്തിൽ ആ തൊഴിലാളികൾ മുഖ്യമന്ത്രിയെ കണ്ടപ്പോൾ അവർക്ക് പെൻഷൻ കൊടുക്കാം എന്ന് പറഞ്ഞിരുന്നതാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരിക്കൽക്കൂടി അപേക്ഷിക്കുന്നു. പത്തിരുന്നൂറിൽ പരം തൊഴിലാളികൾ യാതൊരു ജോലിയുമി

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ കഴിയുകയാണ്. അവരുടെ പട്ടിണികൊണ്ടാണ് ഇൻഡ്യയിലാദ്യ മായി 73 വയസ് പ്രായമുള്ള ഒരു തൊഴിലാളി ഇത്രയും സാഹസികമായ ഒരു സംരംഭത്തിന് തയ്യാറായത്. അത്രയ്ക്ക് അവരുടെ ജീവിതമാർഗ്ഗം അടഞ്ഞുപോയതുകൊണ്ടാണ് അവരതിന് തയ്യാറായത്. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നത്. ജീവ കാരുണ്യപരമായി ഈ പ്രശ്നത്തെ കാണണമെന്നാണ്. തൊഴിലാളികൾക്ക് വാർദ്ധക്യകാല ആനുകൂല്യവും നഷ്ട പരിഹാരവും കൊടുത്തുകൊണ്ട് ആലപ്പുഴ പോർട്ട് തുറന്നു പ്രവർത്തി പ്പിക്കുന്നതിനുവേണ്ട ശക്തമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെൻറ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി : (ശ്രീ. കെ. ശിവദാസൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആലപ്പുഴ പോർട്ട് നമ്മുടെ രാജ്യത്തെ വളരെ പ്രാധാന്യമുള്ള ഒരു തുറമുഖമാണ്. ഇവിടെ 1981-82നു ശേഷം കപ്പലടു ത്തിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്. കൊച്ചി തുറമുഖത്തിൻെറ വരവും അതിനൊരു കാരണമാണ്. കൊച്ചി തുറമുഖത്ത് കണ്ടെയിനർ സിസ്റ്റം നടപ്പിലായതോടുകൂടി സൗകര്യങ്ങൾ അങ്ങനെയുള്ള ആലപ്പുഴ പോർ ട്ടിൽ ഇല്ല എന്നുള്ളത് അതിന് ക്രമാനുഗതമായ പ്രാധാന്യം നഷ്ടപ്പെടുന്നതിന് ഒരു കാരണമായി. ഏതായാലും ഈ പോർട്ട് തുറക്കുന്നതിന് ഗവൺമെൻറ് നിരവധി ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം തന്നെ എഫ്. എ. സി. ററി. മെസേഴ്സ് ഇൻഡ്യ പൊട്ടാഷ് ലിമിറഡ് എന്നീ സ്ഥാപന ങ്ങളിലെ ബന്ധപ്പെട്ട അധികൃതരും ഉദ്യോഗസ്ഥൻമാരുമായി ഗവൺമെൻറ് ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയിൽ അവിടത്തെ എം. പി., എം. എൽ. എ, മന്ത്രിതുടങ്ങി എല്ലാ ആളുകളും പങ്കെടുത്തിരുന്നു. ട്രെയിഡ് യൂണിയൻ നേതാക്കളെ എല്ലാം വിളിച്ചിരുന്നു. ട്രെയിഡ് യൂണിയൻ നേതാക്കളും അവിടത്തെ ലേബർ-കോസ്റ്റർ കൊച്ചി തുറമുഖത്തേക്കാളും യാതൊരു കാരണവശാലും കൂടുതലല്ലാത്ത നിരക്കിൽ അത് നടത്തി കൊടുക്കുന്നതാണെന്ന് സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. പക്ഷെ അവർ എഴുതി കൊടുത്ത എഗ്രിമെൻറിൽ അത് കൊച്ചി തുറമുഖത്തെ നിരക്കിൽ നിന്ന് വളരെ കൂടുതലായിട്ടാണ് കാണാൻ കഴിഞ്ഞത്. അവിടുത്തെ steve dores and clearing contractors അത് വളരെ കൂടുതലായി പോയി എന്നും, അതുകൊണ്ട് അത് നടപ്പാക്കാൻ തരമില്ലെന്നും, ഗവൺമെൻറിനു എഴുതി തരികയാണ് ഉണ്ടായത്. ആ ചാർജ് അവർ തന്നെ എഴുതി തന്നതാണ്.

I do not think that these rates now worked out for Alleppey port is economically favourable when compared to those of Cochin port. As such from the view point of economy, I do not consider the operations in Alleppey port feasible.

ഗവൺമെൻറ്, നിരന്തരമായി പോർട്ടു തുറപ്പിക്കാൻ നടത്തി വന്ന ശ്രമ ങ്ങളൊക്കെ സ്തംഭിച്ചത് അക്കാരണത്താലാണ്. ഈ വ്യവസ്ഥയിൽ വളം ഇറക്കുന്നതിന് ഞാൻ നേരത്തെ പറഞ്ഞ 2 കമ്പനികളും തയ്യാറായിരുന്നു. അങ്ങനെ ആയിരുന്നുവെങ്കിൽ വളം ഇറക്കുന്നതിനും പ്രവർത്തനം തുടങ്ങുന്ന തിനും കഴിയുമായിരുന്നു. ഇനി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ആ പോർട്ട് തുറക്കുന്നതിനുള്ള ശ്രമം തുടങ്ങുന്നതിന് ഗവൺമെൻറിന് ഒരു വിഷമ വുമില്ല. ഗവൺമെൻറിന് അക്കാര്യത്തിൽ സന്തോഷമേയുള്ളൂ. പക്ഷേ അതു കൊണ്ട് യാഥാർത്ഥ്യ ബോധത്തോടുകൂടി കോൺഫറൻസിൽ സമ്മതിച്ചിട്ടുള്ള തുപോലെ ലേബർ കോസ്റ്റർ കൊച്ചി പോർട്ടിലേതിനേക്കാൾ കൂടാത്ത രീതിയിൽ നൽകുന്നതിനുള്ള തയ്യാറെടുപ്പോടുകൂടി വരണം. അവിടെ 247 രജിസ്റ്റേർഡ് തൊഴിലാളികൾ ഉണ്ടെന്നുള്ള വസ്തുതകളൊക്കെ ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവർ വളരെ ബുദ്ധിമുട്ടിലാണ്. അവർക്ക് അന്ന് പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ കൈവശം ഉണ്ടായിരുന്ന പണത്തിൽ നിന്നും 1977-ൽ 250 രൂപ വീതവും 1980-ൽ 150 രൂപ വീതവും കൊടുത്തിരുന്നു. നേരത്തേ സ്വരൂപിച്ചിരുന്ന ഫണ്ടിൽ നിന്നാണ് ഇത് ലോണായിട്ട് കൊടുത്തിരുന്നത്. അത് തിരിച്ചു കിട്ടും എന്നാണ് കരുതിയത്. പക്ഷേ തിരിച്ചടയ്ക്കാൻ അവർക്ക് യാതൊരു സൗകര്യവുമില്ല. ട്രേഡ് യൂണിയൻ നേതാക്കളും കൂടി ഞാൻ പറഞ്ഞ രീതിയിലുള്ള സമീപനം സ്വീകരിച്ചാൽ പോർട്ട് തുറപ്പിക്കുന്നതിനുള്ള എല്ലാ ശ്രമവും ഉടൻ തുടങ്ങുന്നതാണ്. എത്രയും വേഗം കോൺഫറൻസ് വിളിച്ചു കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) ഐ. ടി. ഡി. സി. യുടെ അശോക് ഹോട്ടലിലെ ജീവനക്കാരന്റെ സംശയാസ്പദമായ മരണം

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഐ. റ്റി. ഡി. സി. വക അശോക് ഹോട്ടലിലെ ഒരു ജീവനക്കാരനായിരുന്ന ശ്രീ. രവീന്ദ്രൻനായർ 25-7-1986 രാവിലെ 7 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് മരിച്ചു. 23-7-1986 രാത്രി കരമന പാലത്തിന്റെ തെക്കു വശത്തുള്ള റോഡിൽ വച്ച് ഒരു ആക്സിഡന്റിൽപെട്ട് മരിച്ചു എന്നാണ് വാർത്തകൾ പ്രചരിച്ചിട്ടുള്ളത്. പക്ഷേ വസ്തുത അതല്ല. അവിടെ ചെന്ന് അന്വേഷിച്ചപ്പോൾ പ്രസ്തുത സ്ഥലത്തുവച്ച് ഒരു ആക്സിഡന്റ് നടന്നതായി യാതൊരു വിവരവുമില്ല. പാച്ചല്ലൂർക്കാരൻ രാധാകൃഷ്ണൻ നായർ 23-7-1986 രാവിലെ ഇയാളെ വീട്ടിൽ നിന്നും കൂട്ടിക്കൊണ്ടുപോയി എന്നാണ് വിവരം. ഇത് കൊലപാതകമാണെന്നാണ് നാട്ടിൽ പരക്കെയുള്ള സംശയം. അന്വേഷണത്തിൽ നിന്നും മനസ്സിലാകുന്നതും അതാണ്. കൊലയാളികൾ തിരുവനന്തപുരത്തുള്ള, വളരെ സ്വാധീനവും ശക്തിയുമുള്ള പ്രഗൽഭരാണ്. അതുകൊണ്ട് ഇക്കാര്യത്തെക്കുറിച്ച് വിശദമായി അന്വേഷിച്ച് യഥാർത്ഥ കുറ്റവാളികളെ വെളിച്ചത്തുകൊണ്ടു വരണമെന്ന കാര്യത്തെക്കുറിച്ചാണ് ഞാൻ അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, അന്വേഷണത്തിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് രവീന്ദ്രൻ നായരും രാധാകൃഷ്ണനും സുഹൃത്തുക്കളായിരുന്നുവെന്നാണ്. സംഭവദിവസം രാവിലെ രവീന്ദ്രൻനായർ രാധാകൃഷ്ണന്റെ സായി റാം ട്രാവൻസ് എന്നു പറയുന്ന സ്ഥാപനത്തിൽ വന്നു. രണ്ടുപേരും കൂടി മോട്ടോർസൈക്കിളിൽ ചാത്തന്നൂരിലേക്കു പോയി. മടങ്ങിവരുമ്പോൾ ആറ്റിങ്ങൽവച്ചു അവർ മദ്യപിച്ചിരുന്നുവെന്ന് അന്വേഷണത്തിൽ നിന്നും അറിയുന്നു. അവിടെ നിന്നും തിരിച്ചുവരുന്ന അവസരത്തിൽ ഒരു കാളവണ്ടിയിൽ മുട്ടി ആക്സിഡന്റുണ്ടായി രവീന്ദ്രൻനായർ മരിച്ചുവെന്നാണ് റിപ്പോർട്ട്. ആക്സിഡന്റുണ്ടായ ഉടൻ തന്നെ രവീന്ദ്രൻനായരെ അടുത്തുണ്ടായിരുന്ന അറിയുന്ന ഒരാളെക്കൂട്ടി ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി അഡ്മിറ്റു ചെയ്തു. ഹോസ്പിറ്റലിൽ രവീന്ദ്രൻനായർ കൊടുത്ത മൊഴിയിൽ ആക്സിസന്റ് പ്രകാരമാണ് ഇത് ഉണ്ടായത് എന്നു പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് ഇത് ഒരു സാധാരണ മോട്ടോർ ആക്സിഡന്റാണ്. അങ്ങനെയൊരു കേസ് രജിസ്റ്റർ ചെയ്തു. അതിനുശേഷമാണ് രവീന്ദ്രൻനായരുടെ മരണത്തിൽ തനിക്കു സംശയമുണ്ടെന്നു അയാളുടെ ഭാര്യയുടെ പരാതി കിട്ടിയത്. അതിന്റെ അടിസ്ഥാനത്തിൽ ഇത് ഒരു കൈം കേസായി രജിസ്റ്റർ ചെയ്തു. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തും.

LIBRARY ARCHIVES Kerala Legislative Assembly